## പതിമൂന്നാം കേരള നിയമസഭ

പതിമൂന്നാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം. 1827 07-12-2015-ന് മറുപടി നൽകേണ്ടത്

എം.എൽ.എ.മാർക്ക് ഉത്തരവുകളുടെ പകർപ്പ്

**ചോദ്യം** **ഉത്തരം**

ശ്രീ. പി.കെ. ബഷീർ ശ്രീ. ഉമ്മൻചാണ്ടി

(മുഖ്യമന്ത്രി)

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| (എ) | നിയോജക മണ്ഡലത്തിലെ വികസന പ്രവർത്തനങ്ങളെ സംബന്ധിച്ച ഉത്തരവുകളുടെ പകർപ്പുകൾ എം.എൽ.എ മാർക്ക് ലഭ്യമാക്കണമെന്ന ഉത്തരവ് പാലിക്കപ്പെടുന്നില്ല എന്ന് ശ്രദ്ധയിൽ പെട്ടിട്ടുണ്ടോ ; | (എ) | ശ്രദ്ധയിൽപ്പെട്ടിട്ടില്ല. |
| (ബി) | അത്തരം ഉത്തരവുകൾ ഇറക്കുമ്പോൾ തന്നെ ആയത് സാമാജികരുടെ ഇ-മെയിൽ വിലാസത്തിൽ അയക്കുന്നതിന് വകുപ്പുകൾക്ക് അടിയന്തിര നിർദ്ദേശം നൽകുമോ ; | (ബി) യും (സി) യും | നിയോജക മണ്ഡലത്തിലെ വികസന പ്രവർത്തനങ്ങളെ സംബന്ധിച്ചുള്ള സർക്കാർ ഉത്തരവുകൾ പുറപ്പെടുവിക്കുമ്പോൾത്തന്നെ എം.എൽ.എ.മാർക്ക് കൂടി ലഭ്യമാക്കേണ്ടതാണെന്ന് നിർദ്ദേശിച്ചുകൊണ്ട് പാർലമെന്ററികാര്യ വകുപ്പിൽ നിന്നും 07-05-2008-ൽ പുറപ്പെടുവിച്ച 1294/എ 2/07/പാ.കാ.വ നമ്പർ സർക്കുലർ, 21-11-2011-ൽ പൊതുഭരണ (ഏകോപനം) വകുപ്പിൽനിന്നും പുറപ്പെടുവിച്ച 77369/ സി.ഡി.എൻ4/11/പൊ.ഭ.വ.നമ്പർ സർക്കുലർ എന്നിവ നിലവിലുണ്ട്. കൂടാതെ ടി സർക്കുലറുകളിലെ നിർദ്ദേശങ്ങൾ നിർബന്ധമായി പാലിക്കണമെന്നും ഇക്കാര്യത്തിൽ വീഴ്ച വരുത്തുന്നത് ഗുരുതരമായ കൃത്യവിലോപമായി കണക്കാക്കി ബന്ധപ്പെട്ട ഉദ്യോഗസ്ഥർക്കെതിരെ കർശന നടപടി സ്വീകരിക്കുന്നതാണെന്നും വിശദീകരിച്ച് 11-06-2012-ലെ സ.ഉ.(എം.എസ്) നം. 142/12/ പൊ.ഭ.വ. എന്ന ഉത്തരവും നിലവിലുണ്ട്.<br><br>ഈ സാഹചര്യത്തിൽ നിയോജക മണ്ഡലത്തിലെ വികസന പ്രവർത്തനങ്ങളെ സംബന്ധിച്ച ഉത്തരവുകളുടെ പകർപ്പുകൾ സാമാജികരുടെ ഇ-മെയിൽ വിലാസത്തിൽ അയക്കണമെന്ന നിർദ്ദേശം ഇപ്പോൾ പരിഗണനയിലില്ല. |
| (സി) | ഇക്കാര്യത്തിൽ എന്ത് നടപടിയാണ് സ്വീകരിക്കുവാൻ ഉദ്ദേശിക്കുന്നതെന്ന് വിശദമാക്കുമോ ? | | |

**സെക്ഷൻ ഓഫീസർ**